ഫോറം നമ്പർ 7

റൂൾ 18 (1) കാണുക

## ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ ആക്ട് 2013 ലെ 11(1) വകുപ്പ് പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം

റഫ്. നമ്പർ സി 836/17

സ്ഥലം : തലശ്ശേരി
തീയ്യതി: 29/10/2018

കേരള സർക്കാർ 04.12.2015 തീയ്യതിയിലെ ജി.ഒ(പി) നമ്പർ 649/2015/ആർ ഡി നമ്പർ വിജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ എ (കെ.എസ്.ടി.പി) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നും വില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻ പ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽഎ) കലക്ടറേറ്റ്, കണ്ണൂർ പുനഃരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും,

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് തലശ്ശേരി-വളവുപാറ റോഡ് വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും,

ആയതുകൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താല്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം പതിനഞ്ചു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ എൽ എ (കെ.എസ്.ടി.പി) തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താല്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരുന്നത്)

ജില്ല: കണ്ണൂർ താലൂക്ക് : ഇരിട്ടി വില്ലേജ് : പായം അംശം & പെരുമ്പറമ്പ് ദേശം

| ക്രമ നം | വില്ലേജ് & ദേശം | സർവ്വെ നം | തരം | | വിസ്തീർണ്ണം | കൈവശക്കാരുടെ പേരു വിവരം |
|---|---|---|---|---|---|---|
| | | | വില്ലേജ് റിക്കാർഡ് പ്രകാരം | ഭൂമിയിൽ കണ്ടത് | | |
| 1 | പായം, പെരുമ്പറമ്പ് | 1/1 | അ.പു | പുരയിടം+പഞ്ചായത്ത് റോഡിന്റെഭാഗം | 0.5500ഹെ | 1) പി.വി മുഹമ്മദ്, നദീറാമൻസിൽ, പായം അംശം ദേശം, പി.ഒ.ഇരിട്ടി<br>2) കെ.ടി ജസീല കെ.ടിഹൗസ്, പയഞ്ചേരി,കീഴൂർ അംശം ദേശം, പി.,ഒ ഇരിട്ടി<br>3) തയ്യിൽ പുത്തൻ വീട്ടിൽ ദിനേശ് ബാബു, ശ്രീനിലയം, പഴയ പാലം റോഡ്, പി.ഒ ഇരിട്ടി<br>4)A പത്തലായിന്റവിട ഉസ്മാൻ പൂത്തൂർഅംശം, കൂറ്റേരിദേശം, പി.ഒ.പുത്തൂർ<br>B ഒന്തത്ത് ഷഹബാസ് ഒന്തത്ത്ഹൗസ്,പൂത്തൂർഅംശം, കൂറ്റേരിദേശം, പി.ഒ.പുത്തൂർ<br>C ഒന്തത്ത് ഷംനാജ് ഒന്തത്ത്ഹൗസ്,പൂത്തൂർഅംശം, കൂറ്റേരിദേശംപി.ഒ.പുത്തൂർ<br>5) സെക്രട്ടറി പായം ഗ്രാമ പഞ്ചായത്ത് |

## സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

തലശ്ശേരി വളവുപാററോഡ് വികസനവുമായി ബന്ധപ്പെട്ട് ഇരിട്ടി പാലത്തിനു സമാന്തരമായി പുതിയൊരു പാലം നിർമ്മിക്കുന്നതിനുള്ള റോഡ് വികസനത്തിനാണ് സ്ഥലം ഏറ്റെടുക്കുന്നതെന്നും നിലവിൽ വാസഗൃഹങ്ങളൊന്നും ഈ ആവശ്യത്തിന് ഏറ്റെടുക്കേണ്ടതില്ലാത്തതിനാൽ പുനരധിവാസത്തിന്റെ ആവശ്യമില്ലെന്നും ഈ ഏറ്റെടുക്കൽ സാരമായ യാതൊരു തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നില്ലെന്നും അതുപോലെ തൊഴിലിനോ വരുമാനത്തിനോ പൊതു ഇടങ്ങൾക്കോ സ്ഥാപനങ്ങൾക്കോ യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാക്കുന്നില്ലെന്നും സാമൂഹ്യാഘാതപഠന ഏജൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് വിദഗ്ധസമിതി പരിശോധിക്കുകയും പൊന്നുംവില നടപടിക്ക് ശുപാർശ ചെയ്യുകയും, എന്നാൽ ചെകുത്തായ കുന്ന് ഇടിച്ചുതാഴ്ത്തിയാണ് നിലവിലുള്ള റോഡിന്റെ വീതി കൂട്ടുന്നത് എന്നതിനാൽ അവശേഷിക്കുന്ന ഭാഗം കുന്നിടിക്കുന്നത് വളരെ സൂക്ഷ്മമായും ശാസ്ത്രീയമായും ഉള്ള രീതിയിലാവണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

സ്പെഷ്യൽ തഹസിൽദാൽ
എൽ എ (കെ.എസ്.ടി.പി), തലശ്ശേരി